LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിനും സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്. അവ ചുവടെ കൊടുക്കുന്നു:

1. സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

2. സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്.

3. ജില്ല-താലൂക്ക്-ബ്ലോക്ക് അടിസ്ഥാനത്തിൽ ബോധവൽക്കരണ സെമിനാറുകളും സംരംഭകത്വ വികസന പരിശീലനങ്ങളും നിക്ഷേപക സംഗമങ്ങളും സംഘടിപ്പിക്കുന്നു.

4. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനുമായി ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാമുകളും നടത്തിവരുന്നു.

5. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ പ്രോത്സാഹനത്തിനായി ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നു. കൂടാതെ സ്വയംതൊഴിൽ പ്രോത്സാഹനത്തിന്റെ ഭാഗമായി നൂതന ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്, കരകൗശല മേഖലയിലെ വിദഗ്ധർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസാൻസ് (ആഷ) പദ്ധതിയിലൂടെ സഹായങ്ങൾ എന്നിവ നൽകി വരുന്നുണ്ട്.

കുന്നത്തുനാട്ടിൽ വ്യവസായ പ്രോജക്ട്

118(3550) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 2021 ജനുവരി 25-ന് ചേർന്ന യോഗത്തിൽ

കുന്നത്തുനാട് മണ്ഡലത്തിൽ എഫ്.എ.സി.റ്റി.-യോട് ചേർന്നുള്ള കിൻഫ്രയുടെ ഇരുപത്തിയഞ്ച് ഏക്കർ സ്ഥലത്ത് സാനിട്ടറി ലാൻഡ്ഫിൽ തുടങ്ങുന്നതിനുവേണ്ടി ക്ലീൻ കേരള കമ്പനി ലിമിറ്റഡും കേരള എൺവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും ചേർന്നുള്ള പ്രോജക്ട് ചർച്ച ചെയ്തിട്ടുണ്ടോ?

ഉണ്ട്. 20-1-21-ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ പ്രസ്തുത പ്രോജക്ട് ചർച്ച ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിന്റെ തുടർനടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

എഫ്.എ.സി.റ്റി.-യിൽ നിന്നും കിഫ്ബിയുടെ ധനസഹായത്തോടെയാണ് കിൻഫ്ര ഭൂമി ഏറ്റെടുത്തിട്ടുള്ളത്. ആയതിനാൽ ക്ലീൻ കേരള കമ്പനി കിൻഫ്രയ്ക്ക് ഭൂമിയുടെ വില നൽകേണ്ടതായിട്ടുണ്ട്. അതിനുള്ള തുടർനടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020

119(3551) ശ്രീ. പി. അബ്ദുൽ ഹമീദ്. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020-ൽ എത്ര ധാരണാപത്രങ്ങളാണ് ഒപ്പുവച്ചതെന്ന് വിശദമാക്കുമോ?

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം അസൻഡ് കേരള 2020 മുഖേന 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇത് കൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

(ബി) പ്രസ്തുത ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനകം പ്രാവർത്തികമാക്കിയ പ്രോജക്ടുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly